
# കെ. ജയകുമാർ... ഒരു വിസ്മയം

സപ്തതിയുടെ നിറവിലെത്തുന്ന കെ.ജയകുമാറിനെക്കുറിച്ച്
70 പ്രമുഖർ എഴുതിയ ലേഖനങ്ങളും ഓർമ്മക്കുറിപ്പുകളും.



PULITZER
BOOKS

എഡിറ്റർ :
സെബാസ്റ്റ്യൻ

# കെ. ജയകുമാർ
# ഒരു വിസ്മയം

എഡിറ്റർ
**സെബാസ്റ്റ്യൻ**

PULITZER
BOOKS

പുലിറ്റ്സർ ബുക്സ്

Malayalam Language

**K.Jayakumar Oru Vismayam**
(Essays)
Editor : **Sebastian**

Published in October 2022
by PULITZER BOOKS
South Nada, Kodungallur, Kerala, India
Ph: +91 9447717262
E-mail: pulitzerbook@gmail.com
Facebook: pulitzerbook

Books Available in online Stores

ISBN : 978-93-92382-11-6

Copyright : Editor

Cover Design : Viswakumar.C
Lay-out : Ji designs, Kottapuram
Printed at : Revathy offset , Kuttichal

Price : Rs.500/-

# കെ.ജയകുമാർ

## ജീവിതരേഖ

തിരുവനന്തപുരം നഗരത്തിലെ മണ്ണന്തലയ്ക്കടുത്ത് ചെഞ്ചേരി എന്ന ഗ്രാമത്തിൽ 1952 ഒക്ടോബർ 6 ന് കന്നിമാസത്തിലെ കാർത്തിക നക്ഷത്രത്തിൽ ജനിച്ചു.

അച്ഛൻ : എം.കൃഷ്ണൻനായർ(ചലച്ചിത്രസംവിധായകൻ)
അമ്മ : എസ്.സുലോചനാദേവി
ഭാര്യ : മീര
മക്കൾ : ആനന്ദ്,അശ്വതി

*വിദ്യാഭ്യാസം* - മണ്ണന്തല ഗവ.എൽ.പി.സ്കൂൾ
സെന്റ് ഗൊരേത്തിസ് യു പി സ്കൂൾ, നാലാഞ്ചിറ
സെന്റ്ജോസഫ് സ്കൂൾ, തിരുവനന്തപുരം
മാർ ഇവാനിയോസ് കോളേജ് (ബി എസ് സി)
നാഗപ്പൂർ സർവ്വകലാശാല (എം.എ.ഇംഗ്ലീഷ് സാഹിത്യം)
ബാത്ത് സർവ്വകലാശാല, ഇംഗ്ലണ്ട് (എം.എസ്.സി.വികസനപഠനം)

### *ഔദ്യോഗികം*

കേരളസർവ്വകലാശാലയിൽ പ്രസിദ്ധീകരണവിഭാഗത്തിൽ പബ്ലിക്കേഷൻ അസിസ്റ്റന്റ്
കേരളസർവ്വകലാശാലയിൽ അദ്ധ്യാപകൻ.
1978 -ൽ ഇന്ത്യൻ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ (ഐ എ എസ്) പ്രവേശിച്ചു.

### *വഹിച്ച ഔദ്യോഗികസ്ഥാനങ്ങൾ*

കോഴിക്കോട് സബ്കളക്റ്റർ
ആലപ്പുഴ കയർ കോർപ്പറേഷൻ മാനേജിങ് ഡയറക്ടർ
മഹാത്മാഗാന്ധി സർവ്വകലാശാല രജിസ്ട്രാർ
സംസ്ഥാന കാഷ്യു കോർപ്പറേഷൻ മാനേജിങ്ങ് ഡയറക്ടർ
കോഴിക്കോട് ജില്ലാ കളക്ടർ

36

# ഒഴിഞ്ഞ താളിനു കുറുകെ എഴുതപ്പെട്ട കവിതകൾ

ഡോ.രോഷ്നി സ്വപ്ന

"Like a piece of ice
a hot stove, the poem
must ride on
its own melting" - Rober Frost

എഴുത്തിലെ ആനന്ദത്തെക്കുറിച്ച് വിസ്ലാവ സിംബോർസ്കയുടെ
ഒരു കവിതയുണ്ട്; The joy of writing എന്ന തലക്കെട്ടോടെ.

"ഈ എഴുതിയ മരക്കൂട്ടങ്ങളുടെ
അതിരുകൾ
ഈ എഴുതിയ മാൻപേട
എന്തുകൊണ്ട് മുറിച്ചുകടന്നു
ഒരു വസന്തത്തിൽ നിന്ന്
എഴുതപ്പെട്ട
ഒരു തുള്ളി വെള്ളത്തിനായി....
ആരുടെ പ്രതലങ്ങളാണ്
അവളുടെ മൃദുലമായ
മൂക്കിൻ ചുഴികൾഅടച്ചുകളയുക?
എന്തിനാണവൾ തല ഉയർത്തുന്നത്?
അവൾ എന്തെങ്കിലും കേൾക്കുന്നുണ്ടോ?"

ഇങ്ങനെതുടങ്ങുന്ന കവിത മാൻപേടയിൽ നിന്ന് എഴു
ത്തിലെ അതിജീവനത്തിലേക്ക് കടക്കുകയാണ്. നാലുകാലുകൾ
ആയാസപ്പെട്ട് വിടർത്തി വലിച്ചുനടക്കുന്നത് കവിതന്നെ ആവുക
യാണ്. ഒഴിഞ്ഞ പേജിനുപുറകേ ലോകം നടന്നുതുടങ്ങുകയാണ്.
ഒഴിഞ്ഞ പേജിനെ ഉച്ചരിക്കാൻ കാത്തുനിൽക്കുന്ന ഒരാൾക്കൂട്ടം
ജനിക്കുകയാണ്. ഓരോ തുള്ളി മഷിയും ഉള്ളിലൊളിപ്പിക്കുന്നത്
വേട്ടക്കാരെയാണ്. കണ്ണുകളിൽ പടയൊരുക്കങ്ങളുടെ അടയാളങ്ങ





ളുള്ള വേട്ടക്കാരെ. ഏതുനിമിഷവും ആ താളിൽ നിന്ന് പേന തെറി
ച്ചുപോകാം. മാൻപേടയ്ക്കുചുറ്റും തോക്കുകൾ നിരക്കാം. ജീവിത
ത്തിൽ ഇല്ലാത്തതാണ് ഇവിടെ കവിതയിൽ. മറന്നുപോയ
വരെക്കുറിച്ച് കവിത പറയുന്നു. കറുപ്പോ വെളുപ്പോ ആയ നിയമ
ങ്ങൾ മാത്രം നിലകൊള്ളുന്ന വ്യവസ്ഥിതിയെ വിമർശിക്കുന്നു. ഈ
ലോകത്ത് താൻ ഉൾപ്പെട്ട, താൻ ഉൾപ്പെടുന്ന ലോകം എന്നത് മുഴു
വനായും വിധിക്ക് കീഴ്പ്പെട്ടതാകുമോ എന്നും അടയാള
ങ്ങൾക്കൊണ്ടു മാത്രം തന്റെ സമയത്തെ/കാലത്തെ തന്നിലേക്ക്
ചേർത്തുകെട്ടേണ്ടിവരുമോ എന്നും ആശങ്കപ്പെടുന്ന കവി കണ്ടെ
ത്തുന്ന പരമമായ സത്യമിതാണ്.

The joy of writing
The power of preserving
Revenge of a mortal hand

നശ്വരമായ മനുഷ്യന് ഈ ലോകത്ത് കൊത്തിവയ്ക്കാൻ കവിതയ
ല്ലാതെ മറ്റെന്തുണ്ട്!

വിസ്ലാവ സിംബോർസ്കയുടെത്തന്നെ മറ്റൊരു കവിത
യിലെ വരികൾ ഓർമ്മിച്ചുകൊണ്ടാണ് കെ. ജയകുമാറിന്റെ ഏറ്റവും
പുതിയ കവിതാസമാഹരമായ "നില്പുമരങ്ങൾ" ആരംഭിക്കുന്നത്.

പക്ഷെ എഴുത്തിലെ പരമാനന്ദം എന്ന (The joy of writing)
സിംബോർസ്കാ കവിതയോടാണ് തന്റെ കവിതകളുടെ ചായ്വ്
എന്ന് കവി തിരിച്ചറിയുന്നുണ്ടാകാം.

ഈ വിധത്തിൽ മാത്രമേ ഈ സമാഹാരത്തിലെ ഓരോ
കവിതയും വായിച്ചുതീർക്കാൻ പറ്റൂ. കാരണം, ഓരോ താളിനു
കുറുകേയും ആയാസപ്പെട്ട് മുറിച്ചുക്കടക്കുന്ന വാക്കുകൾ ചരിത്ര
ത്തിന്റെയും ഓർമ്മകളുടെയും ഉണ്മകളുടെയും അറിയലിന്റെയും
പ്രണയത്തിന്റെയും രാഷ്ട്രീയപാഠങ്ങൾ ആകുന്നുണ്ട്.

കഴിഞ്ഞ ദശകങ്ങളിൽ കവിതയിൽ കടന്നുവന്ന മാറ്റങ്ങൾ
മനുഷ്യരാശിയുടെത്തന്നെ പരിണാമ ഘട്ടത്തിന്റെ പലപല ഏടുക
ളായി കവി വായിച്ചെടുക്കുകയാണ്. "നില്പുമരങ്ങളിലെ" കവിത
കളിലൂടെ ഇരുപതാംനൂറ്റാണ്ടു കേരളത്തിനും മലയാളകവിതയ്ക്കും
സമ്മാനിച്ച് സ്വത്വാവബോധങ്ങളേയും ദർശനങ്ങളേയും അപഗ്ര
ഥിക്കാനും സമൂഹം, ദേശം, രാഷ്ട്രം എന്ന ആശയങ്ങളിൽ വേരുറ
ച്ചുനിൽക്കാനും അവയെ പുനർവിചിന്തനം ചെയ്യാനും നടത്തിയ
പോരാട്ടങ്ങൾ കാലാകാലങ്ങളിൽ കവിതയിലും പ്രതിധ്വനിച്ചിട്ടുണ്ട്
'നിൽപൂമരങ്ങളി'ലെ കവിതകൾ നിലനിൽക്കുന്ന കാലത്തോട് കല
ഹിച്ചുനിൽക്കാൻതന്നെ ആഗ്രഹിക്കുന്നു. അത് ചിലപ്പോൾ വിശ്വാ
സങ്ങളയും അവിശ്വാസങ്ങളെയും നെഞ്ചേറ്റുന്നു.

"എല്ലാം മാറിപ്പോയെന്ന്
അവനാദ്യം പറഞ്ഞപ്പോൾ

ഞാനത് ഗൗനിച്ചതേയില്ല
ഇലകളെല്ലാം പഴുത്തുപോയെന്നും
മരമെല്ലാം ഉറക്കുത്തിയെന്നും
തീരെ വിശ്വസിച്ചില്ല"
എന്ന് കവിക്ക് എഴുതാനാവുന്നത് (അവൻ പറഞ്ഞത്)

"ഓർമ്മപ്പാടങ്ങളിൽ കുരിശുകൾ മുളച്ചുപൊന്തുന്ന, ഓർമ്മക്കുരിശ് ചുമക്കുന്നവർ കുരിശിനാൽ മരണപ്പെടുമെന്ന് അരുളപ്പാടുണ്ടാകുന്ന"ഇടമായി കവിത മാറുന്നുണ്ട്. ഓർമ്മയും മറവിയും അറിവും മാറ്റങ്ങൾക്ക് വിധേയമാകുമ്പോൾ ചരിത്രം ഇവിടെ അടച്ചുപൂട്ടപ്പെടുകയാണ്. ഓർമ്മകളാണ് ഈ കവിതയിലെ പടയാളികൾ.

"The struggle of a man against
Power is the struggle of
Memory against forgetting
എന്ന് മിലൻ കുന്ദേര പറയുന്നുണ്ട്. (The book of laughter and forgetting)

ഈ ഓർമ്മയെ നിർവചിക്കാനുള്ള ശ്രമമാണ് "ഇരുളിലെ ഇരുൾരൂപങ്ങൾ" എന്ന കവിത. ഇരുളിലെ ഇരുൾരുപികളായി കടന്നുവരുന്ന ഓർമ്മകളെയും മറന്നതെന്തെന്ന വേർതിരിച്ചറിയാനാകാത്ത മറവിയെയും ഒരേ രേഖയിൽവച്ച് കവി അളക്കുന്നു. മരിച്ചവർ തിരിച്ചുവരാത്തപോലെ അവ നിശ്ശബ്ദമാകുന്നു.

പുതിയ കവിതയിൽ ചരിത്രവും യാഥാർത്ഥ്യവും നിലനിൽക്കുന്ന സത്യങ്ങളാണ്. ഒരുതരത്തിൽ മറ്റൊരു പാഠമായി കവിതയിൽ ചരിത്രം കടന്നുവരുന്നുണ്ട്. പുതിയ കവിതയിലെ ആഖ്യാന ഇടങ്ങളൊക്കത്തന്നെ ചരിത്രത്തെയും വർത്തമാനത്തെയും നിരന്തരം വിചാരണയ്ക്ക് വിധേയമാക്കുന്നു. സമൂഹത്തിന്റെ സങ്കീർണ്ണതകളെ ആഖ്യാനത്തിലേക്ക് കടത്തിയിരുത്തി വിശകലനം ചെയ്യാൻ ഈ സമാഹാരത്തിലെ കവിതകൾക്കാവുന്നുണ്ട്. പുതിയകാലത്തിന്റെ സമസ്യകളും, ബഹുസ്വരതകളും, സംസ്കാര വ്യവഹാരങ്ങളുമെല്ലാം ഇവിടെ ചോദ്യംചെയ്യപ്പെടുന്നു. പ്രാദേശികതകളെയും ഭൂതകാലത്തെയും പുനഃസന്ദർശനം ചെയ്യുന്ന കവിതകൾ ഈ പുസ്തകത്തിലുണ്ട്. " കണവൻ കടലിൽ പോയാൽ" കരയിൽ കാവൽ നീയാണേ എന്ന ആപ്തവാക്യം തിരുത്തിയെഴുതപ്പെടുന്നു. എന്നിട്ട് കവി വായനക്കാരനെ ചുതിന് ക്ഷണിക്കുകയാണ്.

"കളിയിൽ
ഒരാൾ ജയിക്കണം
അത്രയേയുള്ളൂ"

എന്ന പുതിയകാലത്തിന്റെ തന്ത്രവാക്യത്തിലേയ്ക്ക് കവിതയിൽ ഒരു ചാട് തീർക്കുകയാണ് കവി. കളിച്ചുകൊണ്ടേയിരിക്ക





ലാണ് പുതിയ ജീവിതത്തിന്റെ രാഷ്ട്രീയ പാഠം എന്ന് തിരിച്ചറിയാതെ തരമില്ല. എല്ലാ നഷ്ടത്തിലും കാണും പ്രതീക്ഷിക്കാത്ത ലാഭങ്ങൾ എന്ന ചെറിയ പ്രതീക്ഷയിൽ കളി തുടരുകയാണ്. ഈ കളിയിൽ ആശിക്കാവുന്നതിലപ്പുറം ആശങ്കകളാണ്.

"യാഥാർത്ഥ്യങ്ങൾ ആഗ്രഹങ്ങളെ
നഗ്നരാക്കി വഴിനടത്തുന്നത്
കുഞ്ഞുങ്ങളുടെ ചിരികൾ
ചോരയിൽ കുതിർന്നു കറുക്കുന്നത്
വിദ്വേഷങ്ങൾ സ്വാർത്ഥതറയിൽ
ആഭിചാരം ചെയ്യുന്നത്
വെറുപ്പിന്റെ തീൻമേശയിൽ
സ്നഹിതരിരുന്ന്
വിഷഭോജ്യം കഴിക്കുന്നത്"
ഒക്കെയാണ് കാഴ്ചയിൽ.......

ബിംബങ്ങളാണ് 'നവവത്സരാശംസകൾ' എന്ന കവിതയുടെ പ്രത്യേകത. ഉറക്കെ ഉടയുന്ന സ്ഫടികക്കുപ്പികളും, കലഹങ്ങളും, പ്രമേഹ വ്രണങ്ങളും പ്രണയവും രഹസ്യരോഗവും സ്നേഹവും വാരിക്കുഴിയും, കാമവും, കുഴിബോംബും.....ഒക്കെയാണ് ഈ കാലത്തിനു ചുറ്റും. കാല്പനികതയിൽ നിന്ന് മൂർച്ചയുള്ള വിമർശനത്തിലേക്ക് കവിത രൂപം മാറുന്നു. ഭാഷയുടെ അതിസാന്ദ്രമായ ലയനം ആഖ്യാനത്തിലേക്ക് ചേർക്കപ്പെടുന്ന അപൂർവ്വമായ അനുഭവമായി ചില കവിതകൾ സംവേദിക്കുന്നു. "കുറ്റപത്രം" അത്തരം ഒരു കവിതയാണ്. തന്റെ പ്രതിയോഗികളുടെ കോടിയ ചുണ്ടുകളിൽ ഉറഞ്ഞിരുന്നത് സ്വന്തം പേരുതന്നെ ആയിരുന്നെന്നും ഈ വയലും തോടും കായലും ഒക്കെ നികത്താൻ പണം വാരിയെറിഞ്ഞത് ഞാൻതന്നെ ആണെന്നും തിരിച്ചറിയുന്ന ഒരു ആത്മവിചാരം കൂടിയാണ് ഈ കവിത. കുറ്റ വിചാരണ നടത്തുന്നവരോട്

'നിങ്ങളാരാണ്
വിചാരണ നടത്താനും
കുറ്റപത്രം വായിക്കാനും
അന്ത്യവിധി പറയാനും"

എന്ന് തുറന്നുചോദിക്കാൻ ധൈര്യപ്പെടുന്നു ഈ കവിത.

"ഇവ രക്തം
രക്തത്തെ
തിരിച്ചറിയുന്നില്ല
വേദന വേദനയെ പുണരുന്നില്ല"

കൃത്രിമമായ യാതൊരു അലങ്കാരങ്ങളും ചമയങ്ങളും ഈ കവിതകളിൽ ഇല്ല. ഏറെ എളുപ്പത്തിൽ സംവദിക്കപ്പെടുന്ന ആഖ്യാനമെന്ന് തോന്നുമെങ്കിലും, നിർവചനങ്ങളെയും നിർദ്ദേശങ്ങളെയും

ഒഴിവാക്കിക്കൊണ്ട് മനസ്സിനൊപ്പം പടരുകയും പകരുകയും ജനിക്കുകയും ജീവിക്കുകയും ചെയ്യുന്നു. പുതിയ കാലത്തിന്റെ അനുഭവപരിസരങ്ങളെ തനതായ ഉണ്മയിൽ പൊളിച്ചെഴുതുകയാണ് കവി. സമകാലികതയുടെ ദുർമ്മുഖങ്ങളെ മനുഷ്യവംശത്തിന്റെ ഭാഗധേയങ്ങളിലേക്ക് പടർത്തുന്ന ദുഷിപ്പ് അവസ്ഥകളെ കവി ചുഴിഞ്ഞെടുക്കുന്നു.

അവരുടെയും നിങ്ങളുടെയും രക്തം ഒന്നല്ലെന്ന് ധരിച്ചാൽ മാത്രം മതി (അവരും നിങ്ങളും) എന്ന് പറയുന്നതിലെ രാഷ്ട്രീയ പാഠം ധ്വന്യാത്മകമാണ്.

"വെളിച്ചം ദുഃഖമാണുണ്ണീ
തമസ്സല്ലോ സുഖപ്രദം"

എന്ന അക്കിത്തത്തിന്റെ ദർശനങ്ങളോട് ചേർത്ത് വായിക്കാം ഈ വരികളെ തൊട്ടടുത്ത വരിയിൽ

"അവരുടെ ആകാശവും
നിങ്ങളുടെ ആകാശവും
അവരുടെ വിളറുന്ന ചന്ദ്രക്കലയും
നിങ്ങളുടെ നിലാവും
ഒന്നല്ലെന്ന് വിശ്വസിച്ചാൽ മതി"

എന്നെഴുതാനും കവി മുതിരുന്നു. രൂക്ഷമായ സാമൂഹിക വിമർശനമാണ് ഈ കവിത. ഭാഷയുടെ വൈരുദ്ധ്യാത്മകതയെ ചൂണ്ടിക്കാണിക്കുക കൂടി ചെയ്യുന്നു ഈ കവിത.

"അവരുടെ മരണവും
നിങ്ങളുടെ മരണവും
വ്യത്യസ്ത കലാരൂപങ്ങൾ
നിങ്ങൾ മരിക്കും
അവർ ചാവും"

ഉപേക്ഷിക്കലിന്റെയും പുറത്താക്കലിന്റെയും അവസ്ഥകളെ അന്വേഷിക്കുന്നു "സിദ്ധാർത്ഥൻ തിരികെ നടക്കുകയാണ്" എന്ന കവിത.

"അവകാശപ്പെട്ടത് ഉപേക്ഷിക്കുന്നതിൽ എന്താണൊരു മഹത്വം" എന്ന ചോദ്യത്തിലൂടെ സിദ്ധാർത്ഥന്റെ പരിത്യാഗത്തെ പുനസന്ദർശിക്കുന്നു കവി.

"വെറുതെ നിലാവിൽ ഉലാത്താൻ പുറത്തിറങ്ങി മടങ്ങിയ പോലെ" സിദ്ധാർത്ഥന്റെ പുറത്താകലിനെ കവി പുനരാഖ്യാനം ചെയ്യുന്നു. ചരിത്രവും ഭൂതകാലവും ഇത്തരത്തിലാണ് കെ. ജയകുമാറിന്റെ കവിതകളിൽ കടന്നുവരുന്നത്. ബുദ്ധനും ദ്രൗപദിയും യേശുവും ഇത്തരത്തിൽ വ്യാഖ്യാനിക്കപ്പെടുന്നു.

"ശപിക്കാതിരിക്കാൻ





എനിക്ക് കഴിയുമായിരുന്നില്ല"

എന്നാണ് "ദ്രൗപദി" യിൽ പറയുന്നത്.

അതിജീവനത്തിന്റെ അടയാളമായിത്തന്നെ നേരിട്ട് ഇട
ടുന്ന കവിതകളുമുണ്ട്. ആകാശവും വായുവും ഭൂമിയും ജല
അഗ്നിയും ചേർന്ന് സംരക്ഷിക്കപ്പെടുന്നവരുടെ അതിജീവനം (
പദി) ജന്മവും മരണവും വാഗ്ദാനം ചെയ്യുന്ന നഗരം (നെറികെ
നഗരം), ദൈന്യത്തിന്റെയും പകയുടെയും പരാജയത്തിന്റെയും ക
മുദ്രകൾ തടയിടുന്ന ജീവിതം (വഴിയിലെ ശബ്ദങ്ങൾ), വാഗ്ദാ
ങ്ങൾ ലംഘിക്കപ്പെടുമ്പോൾ വംശം അറ്റുപോകുന്ന തവളക്കുഞ്ഞ
ങ്ങളും മരങ്ങളും (കളവ് പറയുന്നവർ), തുമ്പികൾ കടന്നു വരാത്ത
പറന്ന് വരാത്ത ഇടം (പ്ലാച്ചിമടയിൽ ഇപ്പോൾ തുമ്പികൾ വരാ
ല്ല), തുടങ്ങി അതിജീവനത്തിന്റെ ഇടങ്ങൾ നിഷേധിക്കപ്പെടുന
എത്രയോ വരികൾ വിവിധ കവിതകളിൽ ഉണ്ട്.

പുരോഗതി എന്നപേരിൽ നടക്കുന്ന മനുഷ്യവിരുദ്ധതയോ
കടുത്ത എതിർപ്പാണ് കെ. ജയകുമാറിന്. തന്റെ ഭാഷയ്ക്ക് "മറവ
യുടെ" മുഖമല്ല ഓർമ്മയുടെ മുഖമാണെന്ന് ഉറപ്പിച്ചുപറയുന്നു ഇ
കവിതകൾ. കാണുന്നതിനേക്കാൾ കാണാത്തതിനെ പരിഗണി
ക്കുന്ന പ്രത്യയശാസ്ത്രങ്ങളാണ് അവയ്ക്ക്. ഓരോ പേരിന്റെ നി
ലിലും പതുങ്ങിയിരിക്കുന്ന ഒന്നിനെ.... ഓരോ തലവാചകത്തിലു
പമ്മിനടക്കുന്ന ഒന്നിനെ.... ഓരോ ഘടികാര മണിയിലും ശബ്ദമ
കാതെ പോകുന്ന പിടച്ചിലുകളെ..... ഒരേ പ്രണയത്തിലുമുള്ള ക
ടതയുടെ രഹസ്യവാതിലുകൾ കവിത വെളിപ്പെടുത്തുകയാണ്
ചെയ്യുന്നത്.

" കടലിന് താളം പിഴയ്ക്കുന്നത്
കരിമേഘത്തിന്റെ നെഞ്ചത്ത്
മഴവില്ല് ചത്തുകിടക്കുന്നത്
മണ്ണ് പുകയുന്നത്
പുഴ കിതയ്ക്കുന്നത്"

ഒന്നും അറിയാത്ത നിസ്സംഗമായ മനുഷ്യജീവനുകളെ കവ
പ്രതിപക്ഷത്തുനിർത്തുകയാണ്. ഓർമ്മവഴിയേ നടക്കാനോ, ഗൂഢ
ലിപിയിൽ എഴുതിയ ദുരന്തസൂചനകൾ വായിക്കാനോ കഴിവില്ലാത്ത
ഒരു ജനതയുടെ പ്രതിനിധിയായ, ഉപഭോഗാസക്തിയുള്ള മനു
ഷ്യനുനേരെ വിരൽ ചൂണ്ടുകയാണ് കവി. പുതിയ ലോക ചരിത്രാ
നുഭവങ്ങളോടുള്ള പ്രതിജ്ഞാബദ്ധതയാണ് ഈ സമാഹാരത്തിലെ
കവിതകളിൽ നിന്ന് കിട്ടുന്ന സവിശേഷവായനാനുഭവം. ഇത്, ഏക
ഭാവത്തിൽ അല്ല പ്രത്യക്ഷപ്പെടുന്നത്, അനുഭവങ്ങളിലൂടെ ആർജ്ജി
ച്ചെടുത്ത, സാംശീകരിച്ചെടുത്ത, സ്ഥലകാല സങ്കല്പത്തെക്കുറിച്ചും
ആത്മസത്തയെക്കുറിച്ചുമുള്ള അവബോധമായാണ്. ലോകത്തെ
മൂടുന്ന സങ്കീർണ്ണതകളെക്കുറിച്ച് ഈ കവിതകൾ ആകുലരാകുന്നു.

ഓർമ്മ വഴിയേ നടക്കാനോ ഗുഢലിപിയിൽ എഴുതിയ ദുരന്തസൂചനകൾ വായിക്കാനോ കഴിവില്ലാതെ നിസ്സംഗനായി നിൽക്കുന്ന പുതിയ മനുഷ്യന്റെ മുന്നിലേക്കാണ് ഉടമ്പടികളും വ്യവസ്ഥകളും മുന്നേറ്റുന്ന കാലുഷ്യങ്ങളെക്കുറിച്ച് കവി പറയുന്ന വാക്കുകൾ പ്രതിധ്വനിക്കുന്നത്. ഉറങ്ങിയുണർന്നപ്പോൾ ഭാഷയും ഭാഷണവും അർത്ഥവും ആവേശവും അപരിചിതമായി പോവുകയാണ്. ക്രൂശിതമായ തന്റെ ജന്മത്ത്, അവശിഷ്ടങ്ങളുടെ മൺകൂനകളും, പുതിയ കെട്ടിടസമുച്ചയങ്ങളുടെ ഉദാസീനതയും കണ്ടു വ്യർത്ഥനായി നിൽക്കുന്ന മനുഷ്യനാണ് ഏറെക്കുറെ. അയാളാണ് ചിലപ്പോൾ ഈ കവിതകൾ എഴുതുന്നതു തന്നെ. വാക്കുകൾ അട്ടയെപ്പോലെ (വ്യാധി) അയാളെ വലയംചെയ്യുന്നു. വേരുകളിൽ മിന്നൽ പിണരിന്റെ ബീജകോശവുമായി അയാൾ നില്പുമരമായി നിലകൊള്ളുന്നു.

“പുറം കണ്ണ് തുറപ്പിക്കും
പുലർവേളയിലംശുമാൻ
കാവിക്കണ്ണ് തുറപ്പിക്കാൻ
വന്ന നിന്നെ മടക്കിഞാൻ” (പാടും പിശാച്)

എന്നയാൾക്ക് പറയേണ്ടിവരുന്നു.

കവിതയിലേക്കുള്ള പരകായപ്രവേശത്തിൽ ചങ്ങമ്പുഴയും കമലയും കവിതയ്ക്ക് കൂട്ടായെത്തുന്നു. പ്രതീക്ഷയും ഭീതിയും സമരവും ആർദ്രതയും ഒരു ചുഴലിപോലെ ഈ കവിതകളിൽ പിടയുന്നു.

“ഇച്ഛക്കൊത്തു പറക്കാൻ അതിനാവില്ല
ദിശയറിയാമെന്ന് അഹങ്കാരമില്ല
പരിഹാരങ്ങളുടെ ഒറ്റമൂലി വശമില്ല
അത് കിതയ്ക്കുന്നില്ല, വെറുപ്പ് തുപ്പുന്നില്ല
അതിന്റെ ഹൃദയത്തിൽ
സൂക്ഷ്മസുഷിരങ്ങളുണ്ട്
ശ്വാസതടസ്സമുണ്ട്
സന്ദേഹങ്ങളും സംഭ്രമങ്ങളുമുണ്ട്
തലചുറ്റുന്നുമുണ്ട്”

എന്ന് തന്റെ കവിതയെ പരിഹസിക്കുന്നവരോട് വിളിച്ചുപറയാൻ കവിക്കാവുന്നുണ്ട്. ഹൃദയത്തിൽ അനുതാപത്തിന്റെ രക്തം വന്നു നിറയുന്ന പ്രണയത്തിന്റെ രാഷ്ട്രീയമാണ് തന്റെ കവിത എന്ന് കവി ഉറക്കെ പറയുന്നു. അത് ചിലപ്പോൾ ഒറ്റക്ക് പൊരുതിയ ജഡായുവാകുന്നു. ഭൂപടം ഇല്ലാത്തവരുടെ സംഗീതമാകുന്നു. വെടിയേറ്റുമരിച്ച കുഞ്ഞുങ്ങളുടെ കരച്ചിലുകളാകുന്നു.

എങ്കിൽക്കൂടി അലഞ്ഞുതിരിയുന്ന ഒരു പ്രണയി ഈ കവിതകളിൽ ഉണ്ട്. പ്രപഞ്ചത്തിന്റെ സകല ജീവികളുടെയും ഹൃദയ





കാറ്റുപോലൊരു പ്രണയിയുടെ ഉള്ള് സ്പന്ദനങ്ങൾ കേൾക്കുന്ന കാറ്റുപോലൊരു പ്രണയിയുടെ ഉള്ള്

ഈ കവിതകളിൽ എവിടെയോ കുരുക്കപ്പെട്ടിട്ടുണ്ട്. പ്രണയകാന്തം, ഹാ! പുഷ്പമേ, വെയിലും മഴയും, പ്രണയത്തിന്റെ രാഷ്ട്രീയം, കമല തുടങ്ങിയ കവിതകൾ തീവ്രപ്രണയത്തിന്റെ കൈയൊപ്പുകളാണ്. ഒടുങ്ങാത്ത മേഘസ്ഫോടനങ്ങൾ പോലെ, ജലാശയത്തിലെ മത്സ്യനക്ഷത്രങ്ങൾ പോലെ, വിരസതകളിലിളകുന്ന ഒച്ചുകൾ പോലെ പ്രണയം ആളിപ്പടരുന്നു.

“വാസ്തവത്തിൽ
ലളിതമാണ്
പ്രണയത്തിന്റെ അടയാളങ്ങൾ
പട്ടുപോലത്തെ കൈത്തലമോ
വികാരം വളർത്തിയ കുറ്റിത്താടിയോ
ഉരുക്കുപേശികളോ
കപട മധുരമായ ഭാഷയോ അല്ലെന്നു മാത്രം”

പ്രണയത്തിനു വേണ്ടത് ഇതൊന്നുമല്ലെന്ന് പറയുമ്പോഴും

“കണ്ണിൽ
കരുണയുടെയും
മരണനിസ്സാരതയുടെയും
കനലെരിയുന്നുണ്ടോ?”

എന്ന് കവി ചോദിക്കുന്നു.

പ്രണയിയ്ക്ക് അടയാളങ്ങൾ ആവശ്യമില്ല എന്ന് കവി അവകാശപ്പെടുന്നു. ഒറ്റനോട്ടത്തിൽ പ്രണയിയ്ക്ക് തന്റെ പ്രണയം കണ്ടെത്താനാവും എന്ന് ആത്മാവിലെ രക്തത്തുള്ളികൾക്കൊണ്ട് എഴുതിയാണ് കവി ഒപ്പുവെയ്ക്കുന്നത്.

റൂമിയിലാണ് ഈ പ്രണയകാന്തി അതിന്റെ പാരമ്യത്തിൽ പ്രകാശിക്കുന്നത്. അനുരാഗത്തിന്റെ അഭയം പ്രണയിതന്നെ ആണെന്ന് തിരിച്ചറിഞ്ഞ ഒരു റൂമി കെ. ജയകുമാറിന്റെ ഉള്ളിലുമുണ്ട്.

നില്പുമരങ്ങളിലെ ഏറ്റവും തീവ്രമായ കവിത “ആർക്കറിയാം” എന്നതാവാം. ആധുനികതയുടെയും ഉത്തരാധുനീകതയുടെയും തീവ്രാനുഭവങ്ങളിൽ നിന്ന് വർത്തമാന കാലത്തിന്റെ ക്രൂരാനുഭവങ്ങളിലേക്ക് കുതിക്കുന്ന കാലത്തെ അതിലും തീവ്രമായി പകർത്തുന്ന ഒരു കവിതയാണ് “ആർക്കറിയാം”. ആഖ്യാനത്തിന്റെ മുറുക്കം ഈ കവിതയെ ഭദ്രമാക്കുന്നു.

“The poet is the priest of the invisible: എന്ന് Wallace Stevans പറഞ്ഞതുപോലെ അദൃശ്യമായ ധ്വനികൾ “ആർക്കറിയാം” എന്ന കവിതയെ സുഭദ്രമാക്കുന്നുണ്ട്.

“കാലത്തിന്റെ സമുദ്രം താണ്ടിവന്ന്
കർമ്മശിഷ്ടം സന്നിവേശിക്കുകയാണ്

രണ്ടാനച്ഛന്റെ കയ്യിലെ
ചുട്ടുപഴുക്കുന്ന കമ്പിയിലും
വെള്ളത്തിനടിയിൽ
കുഞ്ഞു കഴുത്തിലമരുന്ന കാലിലും
വിറയ്ക്കുന്ന ചുലിലും
തിളയ്ക്കുന്ന വെള്ളത്തിലും"

ക്രൂരകാലത്തിന്റെ കാലന്മാർ പതുങ്ങിയിരിക്കുന്നു. ലോകം കാക്കുന്ന രക്ഷകന്റെ വരവ് എന്ന് എന്നറിയില്ല. രക്ഷിക്കേണ്ടവർ ഇവിടെ ശിക്ഷകരായി മാറുകയാണ്. രൂപപരമായി കവിതയിൽ ഒരു ജൈവ സ്വഭാവം പുലർത്തപ്പെട്ടിരിക്കുന്നു. പെട്ടെന്ന് കയറിവരുന്ന ഒരു ബിംബമോ, ഒരു വാക്കോ, തോന്നലോ, കവിതയെ ആകമാനം എരിച്ചുനിറുത്തുകയും ഈ പൊള്ളൽ വായനക്കാരിലേക്ക് എത്തിക്കുകയും ചെയ്യുന്നുണ്ട്. എന്നാൽക്കൂടി, ഒട്ടും അതിഭാവുകത്വം കലരാതെ തന്റെ ഭാവുകത്വത്തെ വെളിപ്പെടുത്തുകയും ചെയ്യുന്നു, കവി.

ഇലകളെല്ലാം പഴുത്തുപോയ, ഓർമ്മകൾ തമോഗർത്തത്തിലേക്ക് എറിഞ്ഞുപോയ, പരുഷമായ അശരീരികൾ വിളയാടുന്ന രാത്രി മാനത്ത് കരിമേഘങ്ങൾ പടരുന്ന, ശിശുഹത്യകൾ പെരുകുന്ന ഒളിക്യാമറകൾ ഓളം വെട്ടുന്ന, ചൂതുകളികൾ തുടർന്നുകൊണ്ടേയിരിക്കുന്ന, ഫലിതങ്ങൾ കയ്ക്കുന്ന, രക്തത്തിന്റെ നിറം പച്ചയാകുന്ന, സിദ്ധാർത്ഥന്മാർ തിരികെ നടക്കുന്ന, ശപിക്കാതിരിക്കാൻ കഴിയില്ലെന്ന് വിലപിക്കപ്പെടുന്ന, സ്വന്തം ചിതതേടി നാം തിരിഞ്ഞുനടക്കുന്ന, കളവുകൾ മാത്രം ആവർത്തിക്കുന്ന, അടുത്ത സീറ്റിലെ യാത്രക്കാരനോട് സംസാരിക്കാൻ ധൈര്യമില്ലാതാകുന്ന, ഒറ്റ നോട്ടത്തിൽ പ്രണയകാന്തം പൂക്കുന്ന, ചതിച്ചുവരുന്ന ചരിത്രങ്ങൾ ആവർത്തിക്കപ്പെടുന്ന, ഭൂപടങ്ങൾ ഇല്ലാതാകുന്ന ഒരു കാലത്താണ് ഈ കവിതകൾ എഴുതപ്പെടുന്നത് എന്ന ഉത്തമ ബോധ്യം കവിക്കുണ്ട്. അതുകൊണ്ടാണ് "ഒരിക്കൽ നിശ്ചലമായ നഖങ്ങളും പൂർണ്ണമായും നിശ്ചലമാകാത്ത കൊക്കും ഒരിക്കൽ പുറത്തു ചാടും" എന്ന് കെ. ജയകുമാറിന് എഴുതാനാകുന്നത്.

# കെ. ജയകുമാർ... ഒരു വിസ്മയം

സപ്തതിയുടെ നിറവിലെത്തുന്ന കെ.ജയകുമാറിനെക്കുറിച്ച് 70 പ്രമുഖർ എഴുതിയ ലേഖനങ്ങളും ഓർമ്മക്കുറിപ്പുകളും.

ജോർജ്ജ്ഓണക്കൂർ, പ്രഭാവർമ്മ, സച്ചിദാനന്ദൻ, സതീഷ്ബാബുപയ്യന്നൂർ,
വിദ്യാധരൻമാസ്റ്റർ, ബാലചന്ദ്രൻചുള്ളിക്കാട്, പ്രമോദ്പയ്യന്നൂർ, കെ. വി. മോഹൻ കുമാർ,
പന്ന്യൻരവീന്ദ്രൻ, പി. കെ. ഗോപി, ജേക്കബ്ബ്ഐസക്,ഷീബഅമീർ, വിജയകൃഷ്ണൻ,
ജോയ്വാഴയിൽ, ഖദീജമുംതാസ്, കെ. ബി. പ്രസന്നകുമാർ, ഡോ. ഇ. സന്ധ്യ,
ആനന്ദജ്യോതി, ഡോ. സി. രാവുണ്ണി, ഡോ. സി. ജി. രാജേന്ദ്രബാബു,
ആലങ്കോട്ലീലാകൃഷ്ണ്ൻ, മണമ്പൂർ രാജൻബാബു,സുനിൽ. സി. ഇ,എം. കരീം,
ഡോ. കെ. രവീന്ദ്രരാജ, ഡോ. എം. കൃഷ്ണൻനമ്പൂതിരി, സുരേന്ദ്രൻമങ്ങാട്ട്,
ഡോ. ബിന്ദുകൃഷ്ണൻ, കെ. പി. സുധീര, വി. ആർ. സുധീഷ്, ശ്രീകുമാർ മുഖത്തല,
പ്രമീളാദേവി,വിനുഎബ്രഹാം,'ഗിരിജപാതേക്കര, ശാന്തൻ, ലതാലക്ഷ്മി,
ഡോ. രോഷ്ണിസ്വപ്ന, എൻ. എസ്. സുമേഷ്കൃഷ്ണൻ, സി. ഗണേഷ്,
അമ്പഴയ്ക്കാട്ട്ശങ്കരൻ, ഡോ. മിനിപ്രസാദ്, എ. കെ. മൊയ്തീൻ, ഡോ. മിലൻഫ്രാൻസ്,
ബിന്ദുടിജി, ടി. കെ. ഗംഗാധരൻ, അരവിന്ദൻകെ. എസ്. മംഗലം, നിർമ്മലപിള്ള,
പി. എൻ. സുനിൽ, പി. കെ. എൻപണിക്കർ, ആര്യാഗോപി,ഡോ. ആർ. ശ്രീലതാവർമ്മ,
ഡോ. വി. വി. ഉണ്ണികൃഷ്ണൻ, ഡോ. എം. എസ്പോൾ, ഡോ. അജിതൻമേനോത്ത്,
ജയപ്രകാശ് അങ്കമാലി, അനിൽമിത്രാനന്ദപുരം, വാസുദേവൻപനമ്പിള്ളി, ഇന്ദിരാബാലൻ,
രാധാകൃഷ്ണൻ വെട്ടത്ത്, ഡോ. ഋഷികേശൻ പി. ബി, ഡോ. ഷാജിഷണ്മുഖം,
സിസ്റ്റർജെസ്മി, രാധികസനോജ്, സീന. എൻ,ഹീര. കെ. എസ്,ശ്രീകാന്ത്കോട്ടയ്ക്കൽ,
പങ്കജം കൊട്ടാരത്ത് ഡോ. എം. കെ. മാത്യുകുരിശുംമൂട്ടിൽ,അഡ്വ. വി. മധുസൂദനൻ,
അഡ്വ. ലിഷജയനാരായണൻ


Pulitzer Books
Kodungallur
Thrissur Dist.,
Kerala - 680 664
വില : 500 രൂപ

ISBN 978-93-92382-11-6
9 789392 382116